"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - സംസ്ഥാനത്തെ സർക്കാർ അതിഥി മന്ദിരങ്ങളിലെയും കന്യാകുമാരി കേരള ഹൗസിലെയും മുറികളുടെ വാടക നിരക്ക് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (പ്രോട്ടോക്കോൾ) വകുപ്പ്**

സ.ഉ.(കൈ) നം.138/2024/GAD തീയതി,തിരുവനന്തപുരം, 13-11-2024

---

പരാമർശം:-

1. സ.ഉ (കൈ) നം. 354/2017/പൊ.ഭ.വ, തീയതി 27.11.2017.
2. 22.06.2024 തീയതിയിലെ സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർപേഴ്സൺ - ന്റെ 13/2024/വിസി/എസ്.പി.ബി നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സർക്കാർ അതിഥി മന്ദിരങ്ങളിലെയും കന്യാകുമാരി കേരള ഹൗസിലെയും മുറികളുടെ വാടകനിരക്ക് നിശ്ചയിച്ചും മുറികൾ അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കിയും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കമ്മീഷൻ/ബോർഡ് സ്ഥിതി ചെയ്യുന്ന ജില്ലയിൽ സ്ഥിരതാമസക്കാരല്ലാത്ത പാർട്ട് ടൈം മെമ്പർമാരുടെ ആസ്ഥാനം അവർ നിലവിൽ സ്ഥിരമായി താമസിക്കുന്ന സ്ഥലം എന്ന് നിശ്ചയിച്ച് മുറി വാടക കണക്കാക്കണമെന്ന് പരാമർശം (2) കത്ത് പ്രകാരം സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർപേഴ്സൺ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ഉത്തരവ് ചുവടെക്കൊടുത്തിരിക്കുന്ന പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. എല്ലാ കമ്മീഷൻ/ബോർഡ് അംഗങ്ങൾക്കും ഔദ്യോഗിക ആവശ്യങ്ങൾക്ക് കമ്മീഷൻ/ബോർഡ് സ്ഥിതിചെയ്യുന്ന ജില്ലയിലെ സർക്കാർ അതിഥി മന്ദിരങ്ങളിൽ പരാമർശം (1) ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സൗജന്യ നിരക്കിൽ താമസ സൗകര്യം അനുവദിക്കാവുന്നതാണ്.

ii. മന്ത്രിമാർ, സ്പീക്കർ, പ്രതിപക്ഷ നേതാവ്, ഗവൺമെന്റ് ചീഫ് വിപ്പ്, ഡെപ്യൂട്ടി സ്പീക്കർ തുടങ്ങിയവരുടെ പേഴ്സണൽ സ്റ്റാഫിൽ ഉൾപ്പെട്ട എല്ലാ ജീവനക്കാർക്കും (വിരമിച്ച സർക്കാർ ജീവനക്കാർ ഉൾപ്പെടെ) അവർ പേഴ്സണൽ സ്റ്റാഫിൽ തുടരുന്ന കാലയളവിൽ ഔദ്യോഗിക/സ്വകാര്യ ആവശ്യത്തിനു മുറികൾ അനുവദിക്കുമ്പോൾ സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ സൗജന്യനിരക്കിൽ മുറികൾ അനുവദിക്കാവുന്നതാണ്.

3. മേൽ ഭേദഗതികൾക്ക് മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഹരി കുമാർ ജി

ADDITIONAL SECRETARY AND SPO

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം

വൈസ് ചെയർപേഴ്സൺ, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്

സ്പീക്കർ / ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ഗവണമെന്റ് ചീഫ് വിപ്പ് ന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫീസർക്ക്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്

എല്ലാ സർക്കാർ അതിഥി മന്ദിരങ്ങളിലെയും മാനേജർമാർക്ക്

പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

സ്റ്റേറ്റ് പ്രോട്ടോക്കോൾ ഓഫീസറുടെ സി.എ യ്ക്ക്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hari. P. Nair
Date: 16-11-2024 10:40:03
സെക്ഷൻ ഓഫീസർ